ഭരണഭാഷ മാതൃഭാഷ

നം. എൻ.എം.എ3/26166/2019/ഡി.ജി.ഇ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 26/06/2020.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**തിരുവനന്തപുരം.**

**എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും**
**എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**
**എല്ലാ പ്രഥമാദ്ധ്യാപകർക്കും (ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖേന)**

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - ഉച്ചഭക്ഷണ പദ്ധതി - ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കുന്നത് - സംബന്ധിച്ച്

സൂചന:- 28/05/2020 തീയതിയിലെ GEDN-D1/13/2020/പൊ.വി.വ നമ്പർ സർക്കാർ കത്ത്

മേൽ സൂചന സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്ക് വേണ്ടിയുള്ള ഫണ്ട് വിതരണത്തിനായി സ്കൂൾ പ്രഥമാദ്ധ്യാപകർ ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി നിലവിലുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട തുടർ നിർദ്ദേശങ്ങൾ ഈ കാര്യാലയത്തിൽ നിന്നും അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ,

**രോഹിണി. എം.ആർ,**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**
**(ഉച്ചഭക്ഷണ വിഭാഗം)**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

നമ്പർ.GEDN-D1/13/2020-G.EDN

28/05/2020, തിരുവനന്തപുരം

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ

തിരുവനന്തപുരം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം -സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി -ബില്ലുകൾ ഡി ബി. ടി മുഖാന്തിരം അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- 1. താങ്കളുടെ 13.1.2020 ലെ എൻ. എം.എ3/ 26166/2019/ഡി.ജി.ഇ നമ്പർ കത്ത്

2. ധനകാര്യ വകുപ്പിന്റെ 19.4.2020 ലെ 1360331/Edn A2/176/2019 നമ്പർ അനൗദ്യോഗിക കുറിപ്പ്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിയുടെ ചിലവുകൾ അനുവദിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ അനുവർത്തിക്കേണ്ടതാണ് .

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്ക് വേണ്ടിയുള്ള ഫണ്ട് (state and central shares) മാറ്റി മാസം തോറും ഒരു പ്രത്യേക റ്റി.എസ്. ബിയിൽ നിക്ഷേപിക്കേണ്ടതും ആ റ്റി എസ് ബിയിൽ നിന്നും തുക ഡി.ബി.റ്റി യായി നൽകേണ്ടതുമാണ്. ഈ ടി എസ് ബി യിലേക്കുള്ള തുക മാറ്റലും ഈ ടി എസ് ബി യിൽ നിന്നുമുള്ള ഡി ബി ടി ചെക്കുകൾ ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കുകയും ചെയ്താൽ നടപടിക്രമം എളുപ്പമാക്കാവുന്നതാണ് .മാസം തോറും ആവശ്യമുള്ള തുക മാത്രം മാറുന്നതിനുള്ള നടപടിക്രമം എയ്ഡഡ് സ്കൂളുകളുടെ കേസിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരും സർക്കാർ സ്കൂളുകളുടെ കേസിൽ ബന്ധപ്പെട്ട പ്രധാനാധ്യാപകനും പുറപ്പെടുവിക്കേണ്ടതും, ടി തുക മാറ്റി റ്റി എസ് ബിയിൽ നിക്ഷേപിച്ച് ഡി ബി റ്റി യായി ചിലവുകൾ വഹിക്കേണ്ടതുമാണ് . ഒരു കാരണവശാലും അധിക തുക റ്റി എസ് ബി ലേക്ക് മാറ്റുവാൻ പാടുള്ളതല്ല.

വിശ്വസ്തതയോടെ,
K J SALINI
UNDER SECRETARY
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.